മാധ്യമം

03 January 2018

# കൊച്ചിയിൽ സഫാരി അന്താരാഷ്ട്ര സമ്മേളനം

**കൊച്ചി:** ഓഖി ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ കാലാവസ്ഥ മുന്നറിയിപ്പ് സംവിധാനം ഫലപ്രദമാക്കുന്നതിന് അന്താരാഷ്ട്ര സഫാരി സമ്മേളനത്തിൽ പ്രത്യേക ചർച്ച സംഘടിപ്പിക്കുന്നു. ഈ മാസം 15 മുതൽ 17 വരെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സി.എം.എഫ്.ആർ.ഐ) നേതൃത്വത്തിലാണ് കൊച്ചിയിൽ സഫാരി അന്താരാഷ്ട്ര സമ്മേളനം.

ശാസ്ത്രജ്ഞരുടെയും മത്സ്യത്തൊഴിലാളികളുടെയും സംയുക്ത ചർച്ചസംഗമത്തിൽ മത്സ്യത്തൊഴിലാളികൾ, കേന്ദ്ര കാലാവസ്ഥ നിരീക്ഷണ വകുപ്പിലെ വിദഗ്ധർ, ഹൈദരാബാദിലെ ഇന്ത്യൻ നാഷനൽ സെന്റർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവിസസ് (ഇൻകോയിസ്) ശാസ്ത്രജ്ഞർ, മത്സ്യവകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കും. കാലാവസ്ഥ പ്രവചനം, കടൽ പ്രതിഭാസങ്ങളെ കുറിച്ചുള്ള മുന്നറിയിപ്പുകൾ എന്നിവ ഫലപ്രദമായി മത്സ്യത്തൊഴിലാളികളിലേക്ക് എത്തുന്നതിനുള്ള മാർഗങ്ങൾ അവലോകനം ചെയ്യും. മൊബൈൽ ആപ്പ്, ഓൺലൈൻ മുന്നറിയിപ്പ് സംവിധാനങ്ങൾ തുടങ്ങി നിലവിലുള്ള എല്ലാവിധ സേവനങ്ങളെക്കുറിച്ചും മത്സ്യത്തൊഴിലാളികളെ ബോധ്യപ്പെടുത്തും. ഇത്തരം സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന് മത്സ്യത്തൊഴിലാളികളുടെ നിർദേശങ്ങളും ആരായുമെന്ന് സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു.

കപ്പൽ നാവികരും മത്സ്യത്തൊഴിലാളികളും തമ്മിലുള്ള ഏറ്റുമുട്ടലുകൾക്ക് ഇടവരുന്ന സാഹചര്യവും സംഗമത്തിൽ ചർച്ചയാകും.

ഈ പ്രശ്നം പരിഹരിക്കുന്നതിന് മീൻപിടിത്ത മേഖല, നാവിക സഞ്ചാര പാത തുടങ്ങിയവ കൃത്യമായി നിജപ്പെടുത്തുന്ന സ്പെഷൽ മാപ്പിങ് പഠനങ്ങൾ ഉപയോഗപ്പെടുത്തുന്നതിനെക്കുറിച്ച് യോഗത്തിൽ തീരുമാനമാകും.

സഫാരി സമ്മേളനത്തിൽ നടക്കുന്ന പ്രത്യേക സംഗമം മന്ത്രി ജെ. മെഴ്സിക്കുട്ടിയമ്മ ഉദ്ഘാടനം ചെയ്യും.